പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 235 25/04/2017-ൽ മറുപടിക്ക്

# ഇ.സി.ജി ടെക്നീഷ്യൻമാരുടെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശുപത്രികളിൽ യോഗ്യതയുള്ള ഇ.സി.ജി ടെക്നീഷ്യൻമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകിപ്പിൽ 874000/എച്ച് 2/2016/ആ.കു.വ എന്ന നമ്പരിൽ ഒരു ഫയൽ നിലവിലുണ്ടോ; | (എ) | നിലവിലുണ്ട്. |
| (ബി) | ഈ ഫയൽ ആരംഭിക്കുന്നത് ആരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ; | (ബി) | പി.എസ്.സി റാങ്ക് ഹോൾഡേഴ്സ് ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. എം. സ്വരാജ് എന്നീ എം എൽ.എ മാർ വഴി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ |
| (സി) | ഈ ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമായി അറിയിക്കുമോ; | (സി) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇ.സി.ജി ടെക്നീഷ്യന്മാരുടെ ഒഴിവുകൾ/ആവശ്യകത സംബന്ധിച്ച് 14 ജില്ലകളിൽ നിന്നും ഡി.എം.ഒ മാർ നൽകിയ വിവരം അറിയിക്കാമോ; | (ഡി) | 14 ജില്ലകളിൽ നിന്നും ഇ.സി.ജി ടെക്നീഷ്യന്മാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ജില്ലാ മെഡിക്കൽ ആഫീസർമാർ ലഭ്യമാക്കിയിട്ടുള്ളത്. |
| (ഇ) | ഈ വിഷയത്തിൽ ഡി.എച്ച്.എസ്സിൽ നിന്ന് സ്വീകരിച്ച നടപടികൾ എന്തെന്നും, ഇതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്തെന്നും അറിയിക്കുമോ; | (ഇ) | ജില്ലാ മെഡിക്കൽ ആഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും തസ്തിക സൃഷ്ടിക്കുന്ന വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിലും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കാലതാമസം ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | ഡി.എം.ഒ മാരിൽ നിന്നും ലഭിച്ച വിവരങ്ങൾ സർക്കാരിനെ അറിയിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എഫ്) | ഡി.എം.ഒ മാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചു. |
| (ജി) | ഈ ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ പേരും തസ്തികയും അവർ ഫയലിൽ സ്വീകരിച്ച നടിപടികളുടെ വിശദ വിവരങ്ങളും അറിയിക്കുമോ;ജനപ്രതിനിധികൾ മുഖേന നൽകുന്ന നിവേദനങ്ങളിൽ അന്തിമ തീരുമാനം സ്വീകരിക്കേണ്ട തലത്തിൽ ഫയൽ എത്തിക്കാതെ ഫയൽ പൂഴ്ത്തിവച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഈ വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സ്വീകരിച്ച വിവരം അറിയിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ജി) | ഫയൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ പ്ലാനിംഗ് സെക്ഷനിലെ ക്ലാർക്ക് മുതൽ അഡീഷണൽ ഡയറക്ടർ വരെയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച ശേഷമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഫയൽ പൂഴ്ത്തിവച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ